നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *330 — 14.03.2017 -ൽ മറുപടിക്ക്

## ലീഗൽ മെട്രോളജി വകുപ്പിലെ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ആർ.സുനിൽകുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജൻ | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) പൊതുജനങ്ങൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നു എന്നത് പരിശോധിക്കാൻ ലീഗൽ മെട്രോളജി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) ലീഗൽ മെട്രോളജി വകുപ്പ് താലൂക്ക് അടിസ്ഥാനത്തിൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിലും, ജില്ലാ തലത്തിൽ അസി:കൺട്രോളറുടെയും ഫ്ളൈയിംഗ് സ്ക്വാഡ് അസി:കൺട്രോളറുടെയും നേതൃത്വത്തിലും, സംസ്ഥാനതലത്തിൽ നെറ്റ് കണ്ടന്റ് വെരിഫിക്കേഷൻ യൂണിറ്റ് അസി:കൺട്രോളറുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തുന്നതിനോടൊപ്പം മിന്നൽ പരിശോധനകളും പ്രത്യേക പരിശോധനകളും നിരന്തരം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ പരാതികൾക്ക് മുൻതൂക്കം നൽകി സമയബന്ധിതമായി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്താറുണ്ട്. |
| (ബി) സിനിമാ തീയേറ്ററുകളിലും ഷോപ്പിംഗ് മാളുകളിലും പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഇത് നിയന്ത്രിക്കുവാൻ പരിശോധനകൾ നടത്തി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ MRP-യേക്കാൾ കൂടുതൽ വില ഈടാക്കുന്നതിന് Packaged Commodities Rules 18(2) പ്രകാരവും MRP വ്യക്തമല്ലാത്ത Pre-Packaged Commodity-കൾ പ്രദർശിപ്പിച്ചതിന് Packaged Commodities Rules 18(1) പ്രകാരവും 12 കേസ്സുകൾ എടുത്തിട്ടുണ്ട്. രാജിഫീസ് ഇനത്തിൽ 59,500/- രൂപ ഈടാക്കിയിട്ടുണ്ട്. തുടർന്നും ഇത്തരം പരിശോധനകൾ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിൽ എന്തെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളത്; | (സി) | എറണാകുളം കാക്കനാട്ടുള്ള ലീഗൽ മെട്രോളജി ഭവനിൽ X-ray method, destructive method എന്നിങ്ങനെ രണ്ട് തരത്തിലുള്ള പരിശോധനകൾ നടത്തി സ്വർണ്ണത്തിന്റെ പരിശുദ്ധി നിർണ്ണയിക്കുന്ന തിന് ഒരു Gold Testing and Assaying Lab പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ജ്വലറികളിൽ വിൽക്കുന്ന സ്വർണ്ണത്തിന്റെ തൂക്കം കൃത്യമാണോ എന്നത് സംബന്ധിച്ച് ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്താറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര കേസുകളാണ് ഈ സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തത് എന്നറിയാമോ? | (ഡി) | ഉണ്ട്. ഈ സാമ്പത്തിക വർഷം 18 കേസ്സുകൾ രജിസ്റ്റർ ചെയ്ത് രാജി ഫീസ് ഇനത്തിൽ 36,000/- രൂപ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ